LIBRARY ARCHIVES Kerala Legislative Assembly

യുവ അഭിഭാഷകർക്ക് സാമ്പത്തിക സഹായം

22 [574] ശ്രീ. പി. ടി. തോമസ്:
„ എം. മുരളി:
ശ്രീമതി രാധാ രാഘവൻ:
ശ്രീ. എം. പി. ഗംഗാധരൻ:
„ കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ യുവ അഭിഭാഷകർക്ക് സാമ്പത്തിക സഹായം നൽകുവാൻ എന്തെങ്കിലും പരിപാടിയുണ്ടോ;

(ബി) എങ്കിൽ അതിനുള്ള എന്തെങ്കിലും പദ്ധതി സംസ്ഥാന ബാർ കൗൺസിൽ സമർപ്പിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശം നൽകുമോ;

(ഡി) ഈ സർക്കാർ ഇക്കാര്യത്തിൽ എന്തെങ്കിലും പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇപ്പോഴില്ല.

(ബി) ഉദിക്കുന്നില്ല.

(സി) ഉദിക്കുന്നില്ല.

(ഡി) ഇല്ല.

ഹൗസിംഗ് ബോർഡിന് പിരിഞ്ഞു കിട്ടുവാനുള്ള തുക

23 [575] ശ്രീ. എം. പി. ഗംഗാധരൻ:
„ എ. പി. അനിൽകുമാർ:
„ പി. ടി. തോമസ്:
„ എം. മുരളി:
ശ്രീമതി രാധാ രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഹൗസിംഗ് ബോർഡിന് പിരിഞ്ഞുകിട്ടുവാനുള്ള തുകയിൽ 31-12-2003-ലെ കണക്കനുസരിച്ച് എന്തു തുക കുടിശ്ശികയുണ്ടെന്ന് അറിയിക്കുമോ;

(ബി) പിരിഞ്ഞുകിട്ടുവാനുള്ള തുകയ്ക്ക് എന്തെല്ലാം വിധത്തിലുള്ള ഇളവുകൾ ആണ് ബോർഡ് അനുവദിക്കുന്നത്;

(സി) കുടിശ്ശിക ഇടാതെ കൃത്യമായി പണം അടയ്ക്കുന്നവർക്ക് നൽകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണ്;

(ഡി) ഈ ആനുകൂല്യങ്ങൾ വായ്പയെടുത്തവർക്കും ബോർഡിൽ നിന്നും സ്ഥലം വാങ്ങിയവർക്കും സ്ഥലവും വീടും വാങ്ങിയവർക്കും ഒരുപോലെ ബാധകമാണോ;

(ഇ) തുക അടയ്ക്കാനുള്ളവർക്ക് ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചതിന്റെ ഫലമായി തുകയടയ്ക്കുന്നതിൽ പുരോഗതി വന്നതായി അറിവുണ്ടോ?

ഉത്തരം

(എ) 31-12-2003-ലെ കണക്കനുസരിച്ച് 155.66 കോടി രൂപ പിരിഞ്ഞു കിട്ടുവാനുണ്ട്.

(ബി) കുടിശ്ശിക പൂർണ്ണമായോ ഭാഗികമായോ അടയ്ക്കുന്നവർക്ക് പിഴപ്പലിശയിൽ 2.5% ഇളവനുവദിക്കുന്നുണ്ട്. 31-3-2004 വരെ ഈ ഇളവിന് പ്രാബല്യമുണ്ട്.

(സി) കുടിശ്ശിക ഇടാതെ കൃത്യമായി പണം അടയ്ക്കുന്നവർക്ക് അവസാനത്തെ മൂന്ന് തവണ വരുന്ന തുക ഇളവ് ചെയ്ത് കൊടുക്കുന്നുണ്ട്.

(ഡി) ബാധകമാണ്.

(ഇ) ഈ ആനുകൂല്യങ്ങൾ മൂലം തുക അടയ്ക്കുന്നതിൽ വർദ്ധന വന്നിട്ടുണ്ട്.

പിന്നോക്ക ജനവിഭാഗങ്ങൾക്കുള്ള ഭവന നിർമ്മാണ പദ്ധതി

24 [576] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങൾക്കുള്ള നിലവിലുള്ള ഭവന നിർമ്മാണ പദ്ധതി ഏതെല്ലാമാണ്; ഓരോ പദ്ധതിയും സംബന്ധിച്ചുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ;

(ബി) ഗവൺമെന്റിന്റെ വിവിധ വകുപ്പുകളെ കൂടാതെ ഏതെല്ലാം ഏജൻസികളെയാണ് ഇത്തരം പദ്ധതികളുടെ നടത്തിപ്പ് ചുമതല ഏല്പിച്ചിട്ടുള്ളത്;

(സി) ഏതെങ്കിലും സ്വകാര്യ സ്ഥാപനങ്ങളെയോ ട്രസ്റ്റുകളെയോ ഭവനനിർമ്മാണ പദ്ധതി ഏജൻസിയായി അംഗീകരിക്കുകയോ തെരഞ്ഞെടുക്കുകയോ ചെയ്തിട്ടുണ്ടോ;

(ഡി) ഇത് സംബന്ധിച്ച് എന്തെങ്കിലും ഉത്തരവിറക്കിയിട്ടുണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) ഗവൺമെന്റിതര ഏജൻസികൾക്ക് ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കുവാൻ വേണ്ട ഭൂമി ലഭ്യമാക്കുന്നത് ഗവൺമെന്റാണോ എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly